# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2367** **17.08.2017**-ൽ മറുപടിക്ക്

**മലയാള ചലച്ചിത്ര നിർമ്മാണ മേഖലയിലെ അനഭിലഷണീയമായ പ്രവണതകൾ**

ചോദ്യം
ശ്രീ. എം.സ്വരാജ്

മറുപടി
ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാള ചലച്ചിത്ര നിർമ്മാണ മേഖലയിലെ അനഭിലഷണീയമായ പ്രവണതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സിനിമാ മേഖലയിലെ അനഭിലഷണീയമായ പ്രവണതകൾ, ക്രിമിനൽവൽക്കരണം എന്നിവ ഒഴിവാക്കുന്നതിനും സിനിമാ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് തൊഴിൽ നിയമങ്ങൾ ബാധകമാക്കുക, സിനിമാ സംഘടനകൾക്കുള്ള മാർഗ നിർദ്ദേശങ്ങൾ നൽകുക എന്നിവ ഉൾപ്പെടെ ഒരു നിയമ നിർമ്മാണം നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ബി) | ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടേണ്ടി വരുന്ന ചൂഷണങ്ങളും മനുഷ്യാവകാശ ലംഘനങ്ങളും തടയുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | ചലച്ചിത്ര നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ പലവിധമായ ചൂഷണങ്ങൾക്ക് വിധേയമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിനിമാ മേഖലയിൽ പുതുതായി രൂപം കൊണ്ട 'വിമൺ ഇൻ സിനിമ കളക്റ്റീവ് ' എന്ന സംഘടന ഈ രംഗത്ത് സ്ത്രീകൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് സർക്കാരിന് നിവേദനം സമർപ്പിച്ചിരുന്നു. സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റിസ് കെ.ഹേമ ചെയർപേഴ്സണായും, ശ്രീമതി ശാരദ, ശ്രീമതി കെ.ബി.വത്സലകുമാരി (റിട്ട.ഐ.എ.എസ്.) എന്നിവർ അംഗങ്ങളായും ഒരു വിദഗ്ധ സമിതിയെ 01.07.2017 ലെ സർക്കാർ ഉത്തരവ് (എം.എസ്.) 16/2017 സാം.കാ.വ പ്രകാരം നിയമിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമായ ശേഷം ഈ രംഗത്ത് സ്ത്രീ സുരക്ഷയ്ക്ക് ആവശ്യമായ ഇടപെടലുകൾ സർക്കാർ നടത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

## കേരള സർക്കാർ

### സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിക്കുന്നതിന് വിദഗ്ധ സമിതി രൂപീകരിച്ച് പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

സാംസ്കാരിക കാര്യ (ബി) വകുപ്പ്

**സ.ഉ.(എം.എസ്.) നം.16/2017/സാം.കാ.വ.** **തീയതി, തിരുവനന്തപുരം: 01.07.2017**

പരാമർശം :- **സ.ഉ.(എം.എസ്.) നം.12 /2017/സാം.കാ.വ., തീയതി, 19/06/2017**

### ഉത്തരവ്

സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചുവടെ ചേർത്തിട്ടുള്ള അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതിയെ നിയമിച്ച് ഉത്തരവാകുന്നു.

1. ജസ്റ്റിസ് ശ്രീമതി കെ.ഹേമ - ചെയർപേഴ്സൺ
   മൈന, എ 2 - ഗാലക്സി, വിൻസ്റ്റൺ,
   ചിലവന്നൂർ റോഡ്, കടവന്ത്ര, കൊച്ചി - 682 020
2. ശ്രീമതി ശാരദ - അംഗം
   സിനി ആർട്ടിസ്റ്റ്, നം.5
   സരസ്വതി സ്ട്രീറ്റ്, മഹാലിംഗപുരം, ചെന്നൈ - 600 034
3. ശ്രീമതി കെ.ബി.വത്സലകുമാരി - അംഗം
   ഐ.എ.എസ് (റിട്ട), SKNRA-134
   ശ്രീകൃഷ്ണ നഗർ, ജഗതി, ഗവ.ഹൈസ്കൂളിന് സമീപം
   തിരുവനന്തപുരം -14.

പരാമർശം ഉത്തരവ് ഇതിനാൽ റദ്ദു ചെയ്യുന്നു

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**റാണി ജോർജ്ജ്**
**സെക്രട്ടറി**

ജസ്റ്റിസ് ശ്രീമതി കെ.ഹേമ, മൈന, എ 2- ഗാലക്സി വിൻസ്റ്റൺ, ചിലവന്നൂർ റോഡ്, കടവന്ത്ര, കൊച്ചി - 682 020
ശ്രീമതി ശാരദ, സിനി ആർട്ടിസ്റ്റ്, നം.5, സരസ്വതി സ്ട്രീറ്റ്, മഹാലിംഗപുരം, ചെന്നൈ - 600 034 ആമുഖ കത്ത്
ശ്രീമതി കെ.ബി.വത്സലകുമാരി, ഐ.എ.എസ് (റിട്ട), SKNRA-134, ശ്രീകൃഷ്ണ നഗർ, സഹിതം
ജഗതി, ഗവ.ഹൈസ്കൂളിന് സമീപം, തിരുവനന്തപുരം -14.
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം.
ശ്രീമതി ബീന പോൾ, വൈസ് ചെയർപേഴ്സൺ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) സെൽ
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.സാംസ്കാരിക കാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്